©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 സെപ്റ്റംബർ 01<br>01st September 2022<br>1198 ചിങ്ങം 16<br>16th Chingam 1198<br>1944 ഭാദ്രം 10<br>10th Bhadra 1944 | നമ്പർ<br>No. 2984 |


### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 41/2022/സം.തി.ക തിരുവനന്തപുരം, 2022 സെപ്റ്റംബർ 01

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ആഗസ്റ്റ് 23-ാം തീയതി ബി2-66-2022-സം.തി.ക(2) നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2022 ആഗസ്റ്റ് 27-ാം തീയതിയിലെ 2902-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ,-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ 5797-ഉം അതിനെതിരെയുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

ഈ വിജ്ഞാപനത്തിന് 2022 ആഗസ്റ്റ് 23-ാം തീയതി മുതൽ പ്രാബല്യം ഉള്ളതാണ്.

**എ.സന്തോഷ്,**
**സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ പൊതുതിരഞ്ഞെടുപ്പിൽ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കികൊണ്ട് കമ്മീഷൻ 23.08.2022-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മലപ്പുറം ജില്ലയിലെ ജി.58 എടയൂർ ഗ്രാമ പഞ്ചായത്തിലെ 11-പൂവത്തുംതറ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.കെ.പി.വിശ്വനാഥന്റെ പേര് ക്രമ നമ്പർ 5797 ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ താൻ 14.01.2021-ന് ചെലവ് കണക്ക് സമർപ്പിച്ചിരുന്നതായും ആയതിനാൽ തന്റെ പേര് ഒഴിവാക്കണമെന്നും ശ്രീ.കെ.പി.വിശ്വനാഥൻ 30.08.2022-ൽ കമ്മീഷന് നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഈ വിഷയത്തിൽ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ കമ്മീഷനിൽ സമർപ്പിക്കുകയുണ്ടായി. അവ പരിശോധിച്ചതിൽ നിന്നും ശ്രീ.കെ.പി.വിശ്വനാഥൻ 14.01.2021-ൽ ഫോം എൻ.30-ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിച്ചിട്ടുള്ളതായും ആ വിവരത്തിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഫോം എൻ.28 റിപ്പോർട്ട് 02.03.2021 തീയതിയിൽ കമ്മീഷനിൽ സമർപ്പിച്ചതായും കാണുന്നു. 23.08.2022-ലെ വിജ്ഞാപനത്തിൽ അയോഗ്യരാക്കപ്പെട്ടവരുടെ ഗണത്തിൽ ക്രമ നമ്പർ 5797 ആയി ശ്രീ.കെ.പി.വിശ്വനാഥന്റെ പേര് പിശകായി ഉൾപ്പെടുത്താൻ ഇടവന്നിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ പേര് അയോഗ്യരാക്കപ്പെട്ടവരുടെ പട്ടികയിൽ നിന്നും മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.09.01 07:28:36 +05:30